**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6750** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഹൈടെക് ക്ലാസ് മുറികൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹൈടെക് ക്ലാസ് മുറികൾ എന്ന പദ്ധതിയുടെ ഭാഗമായി ഏതൊക്കെ സ്കൂളുകളിൽ എന്തൊക്കെ ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇതിൽ എത്ര ഉപകരണങ്ങൾ നിലവിൽ പ്രവർത്തനക്ഷമമാണെന്ന് വിശദമാക്കാമോ? | (എ) | ഡിജിറ്റൽ വിടവില്ലാതെ എല്ലാ വിഭാഗം സ്കൂൾ കുട്ടികൾക്കും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് സ്കൂളുകളിലും 'ഹൈടെക് സ്കൂൾ', 'ഹൈടെക് ലാബ്' പദ്ധതികൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ പ്രകാരം 16009 സ്കൂളുകളിൽ 119051 ലാപ്‌ടോപ്പ്, 69955 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ എന്നിവവിതരണം ചെയ്തു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഓരോ സ്കൂളിനും നൽകിയ ഉപകരണങ്ങളുടെ വിശദാംശം sametham.kite.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം നൽകുന്ന എല്ലാ ഐടി ഉപകരണങ്ങൾക്കും അഞ്ചു വർഷ വാറണ്ടി ഉറപ്പുവരുത്തിയിട്ടുണ്ട്. ഉപകരണങ്ങൾക്ക് പ്രവർത്തന തകരാർ സംഭവിച്ചാൽ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾ സെന്റർ, വെബ് പോർട്ടൽ സംവിധാനവും വിതരണക്കാർ പരാതികൾ രണ്ട് പ്രവൃത്തി ദിവസത്തിനകം അറ്റന്റ് ചെയ്യുന്നതിനും പരമാവധി അഞ്ചു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കുന്നതിനും അല്ലാത്തപക്ഷം പ്രതിദിനം 100/- രൂപ നിരക്കിൽ (പരമാവധി ഉപകരണത്തിന്റെ വിലയുടെ 10%) പിഴ ഈടാക്കുന്നതിനും സംവിധാനം |

| | | | |
|---|---|---|---|
| | | | ഒരുക്കിയിട്ടുണ്ട്. ഹൈടെക് ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷയും കൈറ്റ് ഒരുക്കിയിട്ടുണ്ട്. ഉപകരണങ്ങളും സംവിധാനങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നതിനും പ്രയോഗിക്കുന്നതിനുമായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനവും അഞ്ചു വർഷ വാറണ്ടി പൂർത്തിയാകുന്ന മുറയ്ക്ക് ലാപ്ടോപ്പുകൾക്ക് AMC (Annual Maintenance Contract) സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതി പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്ത ഐടി ഉപകരണങ്ങൾ (ജില്ലാ തലം)**

| ജില്ല | ലാപ്ടോപ്പ് | പ്രൊജക്ടർ | മൗണ്ടിംഗ് കിറ്റ് | സ്പീക്കർ | സ്ക്രീൻ | ടി.വി | പ്രിന്റർ | ക്യാമറ | വെബ്ക്യാം |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 9507 | 5775 | 3694 | 7969 | 2613 | 392 | 399 | 379 | 401 |
| കൊല്ലം | 8745 | 5316 | 3420 | 7311 | 1816 | 385 | 385 | 386 | 386 |
| പത്തനംതിട്ട | 4022 | 2517 | 1442 | 3287 | 806 | 254 | 248 | 255 | 266 |
| ആലപ്പുഴ | 6803 | 4106 | 2639 | 5564 | 536 | 310 | 325 | 324 | 310 |
| കോട്ടയം | 6552 | 4003 | 2530 | 5478 | 1064 | 371 | 347 | 378 | 382 |
| ഇടുക്കി | 4010 | 2443 | 1539 | 3346 | 450 | 239 | 240 | 227 | 240 |
| എറണാകുളം | 8811 | 5412 | 3482 | 7363 | 1916 | 443 | 407 | 431 | 476 |
| തൃശ്ശൂർ | 10177 | 5874 | 3669 | 8504 | 2228 | 442 | 442 | 406 | 442 |
| പാലക്കാട് | 10176 | 5764 | 3543 | 8650 | 1517 | 304 | 322 | 309 | 323 |
| മലപ്പുറം | 18388 | 9957 | 5930 | 15808 | 1953 | 327 | 391 | 390 | 393 |
| കോഴിക്കോട് | 12338 | 7173 | 4354 | 10479 | 2934 | 347 | 363 | 360 | 361 |
| വയനാട് | 3578 | 2118 | 1351 | 3046 | 864 | 146 | 155 | 155 | 155 |
| കണ്ണൂർ | 10325 | 6120 | 3558 | 8838 | 2792 | 341 | 341 | 334 | 341 |
| കാസറഗോഡ് | 5619 | 3367 | 2099 | 4796 | 1609 | 244 | 244 | 244 | 244 |
| **ആകെ** | **119051** | **69945** | **43250** | **100439** | **23098** | **4545** | **4609** | **4578** | **4720** |

Sd/-
സെക്ഷൻ ഓഫീസർ